LIBRARY ARCHIVES Kerala Legislative Assembly

## IV ധനകാര്യം

### വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഓൺ അക്കൗണ്ടിനുള്ള ധനാഭ്യർത്ഥന സംബന്ധിച്ച ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

"ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2015-16 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാല് മാസത്തേക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേക്കോ ആയി ഗവർണർക്ക് നൽകണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു"

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ഉപക്ഷേപത്തിന് ഭേദഗതികൾ ആരും അവതരിപ്പിച്ചിട്ടില്ലാത്തതിനാൽ ചർച്ചയുടെ ആവശ്യമില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി അവതരിപ്പിച്ച ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഓൺ അക്കൗണ്ടിനുള്ള ധനാഭ്യർത്ഥന സംബന്ധിച്ച ഉപക്ഷേപം പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

ഉപക്ഷേപം പാസ്സായിരിക്കുന്നു.

വോട്ട് ഓൺ അക്കൗണ്ട് അനുവദിച്ചിരിക്കുന്നു.

## V നിയമനിർമ്മാണ കാര്യം

### 1. 2015-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 2015-ലെ കേരള ധനവിനിയോഗ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.